ധാതുമണൽ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ

169(2207) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുമണൽ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ ഏതൊക്കെയെന്നും ഇവിടെ എന്തെല്ലാം ഉൽപ്പന്നങ്ങളാണ് ഉത്പാദിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ലഭ്യമായ ധാതുമണലിനെ അടിസ്ഥാനമാക്കി നിർമ്മിക്കുവാൻ കഴിയുന്ന മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെ സംബന്ധിച്ച് ഏതെങ്കിലും ഗവേഷണം നടക്കുന്നുണ്ടോ എന്നും എങ്കിൽ ഏത് സ്ഥാപനമാണ് ഇതിനായി പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിന്നും ധാതു മണൽ കയറ്റി അയയ്ക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിലേയ്ക്കാണ് ഇത് അയയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളായ ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ് എന്നിവയും സ്വകാര്യ സ്ഥാപനമായ കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസുമാണ് നിലവിൽ ധാതുമണൽ ഉപയോഗിച്ചുപ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ. ധാതുമണലിൽനിന്നും ഇൽമനൈറ്റ്, റൂട്ടയിൽ, സിൽക്കൺ, സിലിമനൈറ്റ്, ബ്രൗൺ ഇൽമനൈറ്റ്, (ല്യൂക്കോക്സിൻ), മോണോസൈറ്റ് എന്നിവ വേർതിരിച്ചെടുക്കുന്നു. ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ഇൽമനൈറ്റിൽ നിന്നും അനട്ടെസ്, ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡും, കേരള മിനറൽസ് ആന്റ് മെറ്റൽസ്, റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡും ഉൽപ്പാദിപ്പിക്കുണ്ട്. കൂടാതെ കെ.എം.എം.എൽ. ഇൽമനൈറ്റിൽനിന്നും ടൈറ്റാനിയം സ്പോഞ്ചും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(ബി) കേരളത്തിൽ മെ. ഇന്ത്യൻ റെയർ എർത്ത്സും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ അറ്റോമിക് മിനറൽസ് ഡിവിഷനും ധാതുമണലിനെ അടിസ്ഥാനമാക്കി നിർമ്മിക്കുവാൻ കഴിയുന്ന ഉൽപ്പന്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്നുണ്ട്. കൂടാതെ ഡിഫൻസ് റിസർച്ച് ആന്റ് ഡവലപ്മെന്റ് ഓർഗനൈസേഷന്റെ കീഴിലുള്ള ഡിഫൻസ് മൈറ്റലർജിക്കൽ റിസർച്ച് ലബോറട്ടറിയും ഇൻഡ്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനും ചേർന്ന് ടൈറ്റാനിയം സ്പോഞ്ച് വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly